പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

46 [1561] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഡിസംബർ 31-ന് അവസാനിക്കുന്നത് മാർച്ച് 31 വരെ ദീർഘിപ്പിക്കുകയുണ്ടായോ ;

(ബി) ഇങ്ങനെ ദീർഘിപ്പിക്കുന്നതിൽ പി.എസ്.സി. തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ ;

(സി) ദീർഘിപ്പിക്കപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഉൾപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഉണ്ട് ; 2005 മാർച്ച് 31-നകം കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2005 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്ന കാര്യം പി.എസ്.സി.യോട് ശുപാർശ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) & (ഡി) പി. എസ്. സി.യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനശുപാർശയിൽ ജാതി രേഖപ്പെടുത്തൽ

47 [1562] ശ്രീ. പി. കെ. കെ. ബാവ :

„ കളത്തിൽ അബ്ദുള്ള :

„ കെ. എൻ. എ. ഖാദർ :

„ ടി. പി. എം. സാഹിർ :

„ പി. കെ. അബ്ദുറബ്ബ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരെയും അദ്ധ്യാപകരെയും പി.എസ്.സി. മുഖേന നിയമിക്കുമ്പോൾ അവരുടെ നിയമനം ഓപ്പൺ കാറ്റഗറിയിലാണോ, സംവരണ കാറ്റഗറിയിലാണോ നടന്നതെന്ന് ജീവനക്കാരുടെ സർവ്വീസ് ബുക്കിലോ മറ്റ് ഔദ്യോഗിക രേഖകളിലോ രേഖപ്പെടുത്താറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാർത്ഥത്തിൽ മെരിറ്റ് കാറ്റഗറിയിൽ പി.എസ്.സി. നിയമനം ലഭിച്ചവരെക്കൂടി സംവരണ കാറ്റഗറിയിൽ ഉൾപ്പെടുത്തി ഓഫീസ് മേധാവികൾ റിപ്പോർട്ട് നൽകിയത് ശരിയായ അടിസ്ഥാന രേഖകൾ ഇല്ലാത്തത് കൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ സാഹചര്യത്തിൽ പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോയിലും അപ്പോയിന്റ്മെന്റ് ഓർഡറിലും ഉദ്യോഗാർത്ഥിക്ക് നിയമനം കിട്ടിയത് മെരിറ്റ് ക്വാട്ടയിലാണോ, സംവരണക്വാട്ടയിലാണോ എന്ന് രേഖപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുമോ ;

(ഡി) പി. എസ്. സി. മുഖേന നിയമനം കിട്ടിയാൽ ഉടനെതന്നെ ബന്ധപ്പെട്ട ഓഫീസ് മേധാവി ജീവനക്കാരന്റെ സർവ്വീസ് ബുക്കിന്റെ ആദ്യപേജിൽ പി.എസ്.സി. നിയമനം മെരിറ്റ് ക്വാട്ടയിലാണോ സംവരണക്വാട്ടയിലാണോ ലഭിച്ചത് എന്ന് പ്രത്യേകം രേഖപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് എൻ.ജി.ഒ. സർവ്വീസ് സംഘടനയായ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയനിൽനിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) ടി നിവേദനത്തിന്മേൽ എന്തുനടപടി ഗവൺമെൻറ് ഇതുവരെ കൈക്കൊണ്ടു ;

(എഫ്) മേൽ വിവരങ്ങൾ ജീവനക്കാരുടെ സർവ്വീസ് ബുക്കിന്റെ ആദ്യ പേജിൽ രേഖപ്പെടുത്തുവാൻ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ), (ബി), (സി), (ഡി), (ഇ) & (എഫ്) നിയമനം മെരിറ്റ് ക്വാട്ടയിലാണോ സംവരണ ക്വാട്ടയിലാണോ എന്ന് രേഖപ്പെടുത്തുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. എന്നാൽ ഇക്കാര്യത്തിൽ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയനിൽനിന്നും ലഭിച്ച നിവേദനത്തിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.യുടെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. പി.എസ്.സി.യുടെ ഉപദേശം ലഭിച്ചശേഷം ഇക്കാര്യത്തിലുള്ള പ്രായോഗിക വശംകൂടി പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

ഹോമിയോ മെഡിക്കൽ കോളേജുകളിൽ ട്യൂട്ടർമാരായി നിയമിക്കപ്പെടുന്നതിന് പി.എസ്.സി. പരീക്ഷ

48 [1563] ശ്രീ. ടി. എൻ. പ്രതാപൻ :

„ കെ. എ. ചന്ദ്രൻ :

„ കടവൂർ ശിവദാസൻ :

„ എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഓർഗാനൺ ഓഫ് മെഡിസിൻ എന്ന വിഷയത്തിന് ട്യൂട്ടർമാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു;

(ബി) പ്രസ്തുത പോസ്റ്റിലേക്കുള്ള അപേക്ഷകർക്കുവേണ്ടി എഴുത്തുപരീക്ഷ നടത്തിയതെന്നായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly